**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4556** **13-03-2023 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കൊളപ്പ ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള മൂന്ന് റോഡുകളുടെ നവീകരണത്തിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ കൊളപ്പ ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള മൂന്ന് റോഡുകളുടെ നവീകരണത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br><br>എന്നാൽ മേൽ പരാമർശിച്ച റോഡ് ഉൾപ്പെടെ 12 റോഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കുന്നതിന് സാധന ഘടകങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള ശുപാർശ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചിരുന്നു. ടി പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ & ലേബർ കോസ്റ്റ് ചേർത്ത് നടപ്പാക്കാവുന്നതാണെന്നും അത്തരത്തിൽ നടപ്പാക്കുമ്പോൾ തുക തികയാതെ വരികയാണെങ്കിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ അധിക തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനായി കണ്ണൂർ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത നവീകരണ പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ കൊളപ്പ ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള മൂന്ന് റോഡുകളുടെ നവീകരണത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br><br>എന്നാൽ മേൽ പരാമർശിച്ച റോഡ് ഉൾപ്പെടെ 12 റോഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് സാധന ഘടകങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള ശുപാർശ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചിരുന്നു. ടി പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ & ലേബർ കോസ്റ്റ് ചേർത്ത് നടപ്പാക്കാവുന്നതാണെന്നും അത്തരത്തിൽ നടപ്പാക്കുമ്പോൾ തുക തികയാതെ വരികയാണെങ്കിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ അധിക തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനായി കണ്ണൂർ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ഇല്ല. എന്നാൽ പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ